Official Monthly Bulletin August 2025

# MARIAN



**St. Mary's Indian Orthodox Cathedral**
P.O. Box 834, Manama, Kingdom of Bahrain. Tel: 17252980
Email: info@stmarybahrain.com, Web: www.stmarybahrain.com, /smiocbh





## *ശൂനോയോ നോമ്പു വിചാരങ്ങൾ*

### ക്രൂശിതന്റെ പാഥേയത്തിൽ വിശുദ്ധ കന്യകമറിയാമിന്റെ ജീവിതം.

സ്ത്രീയ്ക്കും പുരുഷനും വിശുദ്ധീകരണം ആവശ്യമാണ്. 'അമ്മ', ഓർമ്മകളുമായി ഒരു നോമ്പുകാലം കൂടി. തൊട്ടു-തൊട്ടിടവേളകളിൽ ഇങ്ങനെ ഓരോ നോമ്പോർമ്മകൾ ജീവിതത്തിൽ ഉണ്ടാകണമെന്ന് ശാഠ്യം കാട്ടിയ പിതൃക്കൾക്ക് പ്രണാമം. ആത്മാവിന്റെ ആർദ്രതകൾക്ക് ശമനമേകുന്ന സിദ്ധൗഷധങ്ങൾ പോലെ സേവിക്കേണ്ടതാണ് നോമ്പുവാസങ്ങൾ എന്ന് നമ്മെ പഠിപ്പിച്ച മാതാക്കൾക്ക് വന്ദനം. അമ്മമറിയത്തെ പ്രതിയുള്ള ഈ നോമ്പുകാലത്ത് മർത്തശ്മൂനി എന്ന ഒരമ്മയുടെ ഓർമ്മദിനം കൂടിയായതിൽ ഒട്ടും തന്നെ അതിശയോക്തിയില്ല. അന്ത്യോഖ്യസ് എപ്പിപ്പാനിയോസിന്റെ പീഢയുടെ കാലത്ത് അവർ പുലർത്തിയ വിശ്വാസ സൈ്ഥര്യത്തിന്റെ കഥ അതിശ്രേഷ്ഠമാണ്. ഈ അമ്മയും വിശുദ്ധ കന്യകമറിയാം അമ്മയോടെ ഏകീഭവിച്ച് വിശ്വാസത്തിന്റെ മൂർത്തമായ ഇടങ്ങളിൽ സ്ഥാനം പിടിച്ചു. അമ്മ മറിയത്തെപ്പോലെ ഒരു ആയുഷ്ക്കാലം മുഴുവൻ വിശ്വാസത്തിനു വേണ്ടി – 'വാൾ' കൊണ്ടു നടന്നവരിൽ വളരെ ചുരുക്കം പേരിൽ – ഒരാളായി – പട്ടികയിൽ ഇടം നേടി.

ആത്മ സംഘർഷത്തിന്റെ അദൃശ്യ ഭൂമികയിൽ ഇങ്ങനെ നിരന്തരം സ്വയം വിഭജിക്കപ്പെടുന്നവരെയാണ് നാം വിശുദ്ധർ എന്നു വിളിക്കുക. നിലപാടുകളും, ബോദ്ധ്യങ്ങളും, പിടിവാശികളും, ദുർബുദ്ധികളുമായി വിഭജിക്കപ്പെടുന്ന ഒരു കാലത്തിൽ നോമ്പു പിടുത്തമൊക്കെ ദുരാചാരങ്ങളായി ഗണിയ്ക്കപ്പെടുന്ന ഒരു കാലഘട്ടത്തിൽ എന്റെ സുഖാനുഭവങ്ങൾക്ക് ഭംഗം വരാതിരിക്കാനായി നോമ്പിനെ ലഘൂകരിക്കുകയോ, ഇല്ലായ്മ ചെയ്യുകയോ സ്വാർത്ഥാനുഭവങ്ങളുടെ മറവിൽ പുതിയ സിദ്ധാന്തങ്ങൾ ആവിഷ്കരിക്കുകയോ ഒക്കെ ചെയ്യുന്നവരാണ് നമ്മിൽ ഏറിയ പങ്കും. ഉള്ളിൽ അടിഞ്ഞു ചേർന്ന മനോമാലിന്യങ്ങളുടെ ഭാണ്ഡങ്ങളെ നാം ചാരമാക്കുമ്പോൾ ഒരു ശൂനോയോ നോമ്പ് പിറക്കും. വി. കന്യകമറിയാമുമായുള്ള ബന്ധത്തിൽ ഓരോ വർഷവും ഓഗസ്റ്റ് 1 മുതൽ 15 വരെയുള്ള ദിനങ്ങളിൽ സഭ അത് ആചരിക്കും. ഈ നോമ്പ് വിചാരങ്ങളിൽ ഏറ്റവും പ്രധാനം, വി. കന്യക മറിയാം ഉടലോടെ സ്വർഗ്ഗത്തിലേക്ക് കരേറി (The Ascention of St. Mary) എന്നതാണ്. ശൂനോയോ എന്നാൽ Migration എന്നാണ് അർത്ഥം. ഇഹലോക ജീവിതത്തിൽ നിന്ന് സൗകര്യപ്രദമായ ഒരിടത്തേക്ക്, താൽക്കാലികമായതിൽ നിന്ന് നിത്യമായതിലേക്ക് മാറുന്ന ഒരു പ്രതിഭാസമാണ്. നിത്യതമായതിലേക്കുള്ള വിശ്വാസികളുടെ പ്രയാണത്തെ സൂചിപ്പിക്കുന്ന ഒരു പദമാണ് ശൂനോയോ. ഈ പരിശുദ്ധനോമ്പ് നമ്മുടെയും കാഴ്ചപ്പാടുകൾക്ക് കാഴ്ച നൽകട്ടെ.

**ഫാ. ജേക്കബ് തോമസ് കാരയ്ക്കൽ**
(വികാരി)

**ഫാ. തോമസ്കുട്ടി പി. എൻ.**
(സഹ വികാരി)





കർത്താവിൽ പ്രിയരേ,

ദൈവകൃപയാൽ കഴിഞ്ഞ ഒരു മാസമായി കത്തീഡ്രലിൽ നടന്നുവരുന്ന സമ്മർ ക്യാമ്പ് (REEL) അനുഗ്രഹപ്രദമായി പൂർത്തീകരിക്കുവാൻ സാധിച്ചു. ആഗസ്റ്റ് മാസം 1-ാം തീയതി വെള്ളിയാഴ്ച KCA-VKL ഓഡിറ്റോറിയത്തിൽ വെച്ച് കുട്ടികളുടെ വിവിധ പരിപാടികളോട് കൂടി വർണ്ണശബളമായ ഗ്രാൻഡ് ഫിനാലെ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ നടന്ന് വരുന്നു. സമ്മർ ക്യാമ്പിന് നേതൃത്വം നൽകിയ ബഹു. റിനിൽ പീറ്റർ അച്ചനോടും ഇതിനു പിന്നിൽ പ്രവർത്തിച്ച ഏവരോടുമുള്ള അകൈതമായ നന്ദിയും സ്നേഹവും അറിയിക്കുന്നു.

പൗരസ്ത്യ പാരമ്പര്യത്തിൽ നിത്യകന്യകയായും, ദൈവമാതാവായും, പരിശുദ്ധയായും കന്യകമറിയത്തെ വിശേഷിപ്പിക്കുന്നു. ആ പുണ്യമാതാവിന്റെ വാങ്ങിപ്പ് പെരുന്നാൾ നമ്മുടെ ഇടവകയിൽ ആഗസ്റ്റ് മാസം 1 മുതൽ 15 വരെയുള്ള തീയതികളിൽ ക്രമീകരിച്ചിരിക്കുകയാണ്. ധ്യാനയോഗങ്ങൾക്ക് നേതൃത്വം നൽകുവാനായി കടന്നുവരുന്ന മലങ്കര മല്പാൻ ഡോ. ജോൺസ് എബ്രഹാം കോനാട്ട് റീശ് കോർ എപ്പിസ്കോപ്പയെ ഇടവകയിലേക്ക് സ്വാഗതം ചെയ്യുന്നു. ആഗസ്റ്റ് 15 വെള്ളിയാഴ്ച ശൂനോയോ പെരുന്നാൾ ദിനത്തിൽ നമ്മുടെ ഇടവകയിൽ ആദ്യമായി സുറിയാനി ഭാഷയിൽ വി. കുർബ്ബാന നടത്തുന്നതിനും ദൈവത്തിൽ ശരണപ്പെടുന്നു.

പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ 4-ാമത് ഓർമ്മപ്പെരുന്നാൾ ജൂലൈ മാസം 18-ാം തീയതി ഇടവകയിൽ ഭക്ത്യാദരപൂർവ്വം നടത്തപ്പെട്ടു. സബ്റോ ധ്യാനം ജൂലൈ 19-ന് നടത്തപ്പെട്ടു. ധ്യാനയോഗത്തിന് നേതൃത്വം നൽകിയ വന്ദ്യ റിനിൽ പീറ്റർ അച്ചനോടുള്ള നന്ദി അറിയിക്കുന്നു.

ആഗസ്റ്റ് 15, നമ്മുടെ ഭാരതത്തിന്റെ സ്വാതന്ത്ര്യലബ്ധിയുടെ നല്ല സ്മരണകൾ അയവിറക്കുന്ന നാളുകൾ കൂടിയാണ്. സ്വാതന്ത്ര്യത്തിനു വേണ്ടി പോരാട്ടം നയിച്ച മഹാരഥന്മാർക്കു മുൻപിൽ നമുക്ക് പ്രണാമം അർപ്പിക്കാം. പ്രിയമുള്ളവരേ, തുടർന്നും ഇടവകയുടെ എല്ലാ കാര്യങ്ങളിലും ഏവരുടെയും പ്രാർത്ഥനാപൂർവ്വമായ സഹായ സഹകരണങ്ങൾ പ്രതീഷിച്ചുകൊണ്ട്,

**സജി ജോർജ്ജ്**
(കത്തീഡ്രൽ ട്രസ്റ്റി)

**ബിനു മാത്യു ഈപ്പൻ**
(കത്തീഡ്രൽ സെക്രട്ടറി)



### Andrew Ajit Abraham
Roll No :3069
Ghatlodia
Ahmedabad, Gujarath
Home Parish: St Mary's Orthodox Cathedral
Diocese : Ahmedabad
Prayer Group: Riffa - Sitra
Mobile: 36098240



### Nithin Geo Abraham
Roll No :3070
Chemmannil House
Elanthoor (E), Pathanamthitta
Home Parish: St Peter's Orthodox Church
Diocese : Thumpamon
Prayer Group: Shk. Hamad-Guful
Mobile: 34332014



### Telvin Thomas
Roll No :3071
Kalluvilayil House
Anandappally, Adoor, Pathanamthitta
Home Parish: St George Orthodox Syrian Church, Anandapally
Diocese : Adoor-Kadambanad
Prayer Group: Church Area-South
Mobile: 36907589



### Baiju Rajan
Roll No :3072
Anakkallumkal House, Payyanamon
Perinjottackal P.O., Pathanamthitta
Home Parish: St George Orthodox Valliyapally, Amakkunnu
Diocese : Thumpamon
Prayer Group: Khamis-Sehla
Mobile: 38231692



### Arun Thomas Varghese
Roll No :3073
Thekkumkattil House
Pariyaram, Kottayam
Home Parish: St Thomas Orthodox Church, Pariyaram
Diocese : Kottayam
Prayer Group: Muharaq
Mobile: 36083756



### Beena Baby
Roll No :3074
Thadathel House, Vayalathala
Ranni, Pathanamthitta
Home Parish: Mar Severious Sleeba Orthodox Valiyapalli,Vayalathala
Diocese : Nilakkal
Prayer Group: Adliya-Um Al Hassam
Mobile: 36832376

## ആദരാഞ്ജലികൾ



### Mohan Philip (71 yrs)
**Roll No: 327**
**Parayankeril Jyothis**
**Pallipad, Alappuzha**
Taken to heavenly abode on 03.07.2025



### Varghese Idicula (71 yrs)
**Edavaka Reg. No: 1007**
**Mulanilkkunnathil Puthenpurayil**
**Thiruvalla, Pathanamthitta**
Taken to heavenly abode on 10.07.2025

## Holy Qurbana Schedule - August

| | | |
|---|---|---|
| Friday | Aug 01, 08, 15, 22, 29 | 8:00 AM |
| Saturday | Aug 02, 09, 16, 23, 30 | 7.00 PM |
| Wednesday | Aug 06, 13, 20, 27 | 7:00 PM |
| Begining of Shoonoyo Fast | Aug 01 | 8.00 AM |
| Transfiguration of our Lord | Aug 05 | 7.00 PM |
| Shoonoyo Perunnal | Aug 15 | 8.00 AM |
| Sabro Fasting Prayer | Aug 16 | 10.00 AM |

## Spiritual Organaization's Meetings & Events

| Sp. Organization | Meeting/Acitivity | Timing |
|---|---|---|
| Amoss | Thursdays | After evng. prayer |
| Cathedral Choir | Practice on Mondays | 7.45 pm - 9.30 pm |
| Divyabodhanam | Mondays & Tuesdays | 8.00 pm - 9.30 pm |
| Gavels Club | 2nd & 4th Fridays | 5.00 pm - 6.30 pm |
| Marth Mariyam Vanitha Samajam | Thursdays | 6.00 pm - 7.00 pm |
| Sunday School | No classes during vacation | |
| MGOCSM | No meetings during vacation | |
| St. Paul's Suvisesha Sangham | Sundays | 7.40 pm - 9.00 pm |
| St. Thomas Orthodox Christian Youth Movement | Saturdays | 9.00 pm - 10.30 pm |
| St. Joseph Elders Forum | Fourth Wednesday | After Holy Qurbana |
| Medical Auxiliary Forum | First Friday | After Holy Qurbana |




editorial BOARD

Chief Editor :
**Shiju K. Oommen**
Editors :
**Jobi Kurian, Jobin Yohannankutty**

# Area Prayer Meetings - August 2025

## Host & Venue details

**08 AUG**

***Gudaybiya - Hoora (06.00 pm)***
Mr. Abraham K. Thomas (Roll no: 701)
Cathedral Balcony
(Mob: 39274105)

***Sh. Hamad - Guful (07.30 pm)***
Mr. Sony Samuel K George (Roll no: 3077)
Cathedral Balcony
(Mob: 38903852)

***Muharaq (07.30 pm)***
Mr. Cijin Raj (Roll no: 2344)
Flat 14, Bldg 1009, Rd 1214, Blk 112
Hidd, (Mob: 38393266)

**15 AUG**

***Isa Town - Tubli (05.00 pm)***
Mr. Saji Mathai (Roll no: 974)
Cathedral Theophilus Hall
(Mob: 38311568)

***Manama (06.00 pm)***
Mr. Albin Daniel Baby (Roll no: 3036)
Cathedral Theophilus Hall
(Mob: 38057524)

***Salmaniya (07.30 pm)***
Mr. Prince Bahanan (Roll no: 2239)
Flat 11, Villa 24, Rd 2901, Blk 329
(Mob: 38232459)

***Khamis - Sehla (06.00 pm)***
Cathedral Balcony

***Church Area South (07.30 pm)***
Cathedral Theophilus Hall

**22 AUG**

***Segaya - Zinj (6.00 pm)***
Mr. Sunil John (Roll no: 2913)
Cathedral Theophilus Hall
(Mob: 33335276)

**29 AUG**

***Riffa -Sitra (5.00 pm)***
Jijo Issac (Roll no: 1959)
Flat 11, Bldg 400, Rd 0117, Blk 901
Al Hunaniya, East Riffa, (Mob: 66399005)

# പരിശുദ്ധ ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാളും പതിനഞ്ചു നോമ്പ് ധ്യാന യോഗങ്ങളും

**2025 ഓഗസ്റ്റ് 1 മുതൽ 15 വരെ**



മുഖ്യ കാർമ്മികൻ
റവ. ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്
റീശ് കോർ എപ്പിസ്കോപ്പ

## ആരാധന സമയക്രമങ്ങൾ

**01.08.2025 വെള്ളി**
6.30 AM : വി.കുർബ്ബാന, മദ്ധ്യസ്ഥ പ്രാർത്ഥന, പെരുന്നാൾ കൊടിയേറ്റ്

**02.08.2025 ശനി**
6.15 PM : സന്ധ്യ നമസ്ക്കാരം വി.കുർബ്ബാന, മദ്ധ്യസ്ഥ പ്രാർത്ഥന

**03.08.2025 ഞായർ**
7.00 PM : സന്ധ്യാ നമസ്ക്കാരം, മദ്ധ്യസ്ഥ പ്രാർത്ഥന

**04.08.2025 തിങ്കൾ**
7.00 PM : സന്ധ്യാ നമസ്ക്കാരം, മദ്ധ്യസ്ഥ പ്രാർത്ഥന

**05.08.2025 ചൊവ്വ**
(കൂടാരപ്പെരുന്നാൾ)
6.15 PM : സന്ധ്യാ നമസ്ക്കാരം, വി.കുർബ്ബാന, മദ്ധ്യസ്ഥ പ്രാർത്ഥന

**06.08.2025 ബുധൻ**
6.15 PM : സന്ധ്യാ നമസ്ക്കാരം, വി.കുർബ്ബാന

**07.08.2025 വ്യാഴം**
7.15 PM : സന്ധ്യാ നമസ്ക്കാരം, മദ്ധ്യസ്ഥ പ്രാർത്ഥന

**08.08.2025 വെള്ളി**
6.30 AM : രാത്രി നമസ്ക്കാരം, പ്രഭാത നമസ്ക്കാരം, വി.കുർബ്ബാന, മദ്ധ്യസ്ഥ പ്രാർത്ഥന

**09.08.2025 ശനി**
6.15 PM : സന്ധ്യാ നമസ്ക്കാരം, വി.കുർബ്ബാന, മദ്ധ്യസ്ഥ പ്രാർത്ഥന

**2025 ആഗസ്റ്റ് 10,11,12 തിയ്യതികളിൽ**
7.00 PM : സന്ധ്യാ നമസ്ക്കാരം, മദ്ധ്യസ്ഥ പ്രാർത്ഥന
7.45 PM : ഗാന ശുശ്രൂഷ (കത്തീഡ്രൽ ക്വയർ)
8.00 PM : ധ്യാന പ്രസംഗം
റവ. ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്
റീശ് കോർ എപ്പിസ്കോപ്പ

**13.08.2025 ബുധൻ**
6.15 PM : സന്ധ്യാ നമസ്ക്കാരം, വി.കുർബ്ബാന

**14.08.2025 വ്യാഴം**
7.00 PM : സന്ധ്യാ നമസ്ക്കാരം, പ്രദക്ഷിണം, മദ്ധ്യസ്ഥ പ്രാർത്ഥന, ആശീർവാദം

**15.08.2025 വെള്ളി**
6.30 AM : രാത്രി നമസ്ക്കാരം, പ്രഭാത നമസ്ക്കാരം, വി.കുർബ്ബാന (സുറിയാനി), മദ്ധ്യസ്ഥ പ്രാർത്ഥന, കൊടിയിറക്ക്, നേർച്ച



വിശുദ്ധ ദൈവമാതാവേ
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കേണമേ....

# Favours Received



## Shiju Cherian & Family